# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **6537** — **09.07.2014**- ലെ മറുപടിക്ക്

**<u>സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്താൻ നടപടി</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എം.എ. വാഹീദ്**<br>**,, പാലോട് രവി**<br>**,, എ.പി. അബ്ദുള്ളക്കുട്ടി**<br>**,, ഷാഫി പറമ്പിൽ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) മുൻസർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സഹകരണ മേഖലയിലെ ആകെ നിക്ഷേപം എത്രയായിരുന്നു ; | (എ) മുൻസർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സഹകരണ മേഖലയിലെ നിക്ഷേപം 68409.15 കോടിരൂപയായിരുന്നു. |
| ബി) സഹകരണ മേഖലയിലെ 31.3.2014 –ലെ ആകെ നിക്ഷേപം എത്രയാണെന്ന് അറിയിക്കുമോ ; | (ബി) സഹകരണ മേഖലയിലെ 31.3.2014 –ലെ ആകെ നിക്ഷേപം 111978.59 കോടി രൂപയാണ്. |
| സി) സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്തുന്നതിനായി 'നിക്ഷേപ ഗ്യാരന്റി സ്കീം' ഫലപ്രദമായി നടപ്പിലാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. കൂടാതെ സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിക്ഷേപ സമാഹരണ യജ്ഞം എല്ലാ വർഷവും നടത്തി വരുന്നു. |
| ഡി) സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് റിസർവ്വ് ബാങ്കിന്റെ അനുമതി ആവശ്യമാണ്. നിലവിൽ റിസർവ്വ് ബാങ്ക് ചില അർബൻ സഹകരണ ബാങ്കുകൾക്ക് മാത്രമാണ് എൻ.ആർ.ഐ. നിക്ഷേപം ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**